പളുങ്ക് അഥവാ തിരുള് എന്നറിയപ്പെടുന്ന ഇവ ശാസ്ത്രീയമായി മറ്റ് കടൽച്ചൊറികളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല. മഴക്കാലങ്ങളിലും തുടർന്നുളള മാസങ്ങളിലും ഇവയുടെ എണ്ണം വളരെ കൂടാറുണ്ട്. കേരളതീരത്തുടനീളം കാണാവുന്ന ഇവ നിരുപദ്രവകാരികളാണ്.



**പളുങ്ക്**
*(Aequorea sp.)*



**മണവാട്ടിച്ചൊറി**
*(Physalia sp.)*

NOAA/OER

മണവാട്ടിച്ചൊറി എന്നറിയപ്പെടുന്ന ഇവ അതിയായ വേദനയും ചൊറിച്ചിലും ഉണ്ടാക്കുന്നവയാണ്. ഇതും ശാസ്ത്രീയമായി മറ്റ് കടൽച്ചൊറികളുടെ വിഭാഗത്തിൽപ്പെടുന്നതല്ല. വായു നിറഞ്ഞ ഇവയുടെ ശരീരം ഒരു തോണിപോലെ ജലോപരിതലത്തിലും വളരെ നീണ്ട സ്പർശനികൾ അടിത്തട്ടിലേക്കും വിന്യസിച്ചിരിക്കും. ചത്തു തീരത്തടിയുമ്പോഴും ഇവ അപകടകാരികളാണ്

## കടൽച്ചൊറി ദംശനം പ്രഥമ ശുശ്രൂഷ

തന്നിരിക്കുന്ന പ്ലാസ്റ്റിക് കാർഡ് ഉപയോഗിച്ച് ദംശനമേറ്റ ശരീര ഭാഗത്ത് നന്നായി ഉരസുക.

ത്വക്കിൽ അവശേഷിക്കുന്ന കടൽച്ചൊറിയുടെ മുള്ളുകൾ ചെറു കൊടിൽ ഉപയോഗിച്ച് നീക്കം ചെയ്യുക.

ദംശനമേറ്റ ഭാഗം വിനാഗിരി ഉപയോഗിച്ച് നന്നായി കഴുകുക.

ചൊറിച്ചിലും വേദനയും മാറാൻ തന്നിരിക്കുന്ന ലോഷൻ പുരട്ടുക.

വേദന അരമണിക്കൂറിലേറെ നീണ്ടുനിൽക്കുകയും, ശ്വാസതടസ്സം അനുഭവപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ ആശുപത്രിയിൽ ചികിത്സ തേടുക.

## जेली दंश का इलाज कैसे करें - प्राथमिक चिकित्सा

दिए गए प्लास्टिक कार्ड का उपयोग करके अपनी त्वचा से बाहर निकलने वाली कोशिकाओं को सावधानी पर्वूक रगडें।

यदि आपकी त्वचा पर जेली फिश की स्पर्शिका फँसी हुई है, तो उसे हटाने के लिए सँडसी का उपयोग करें।

प्रभावित स्थान पर सिरका के साथ ३० सेकन्ड तक साफ करें।

खुजली और असुविधा से छुटकारा पाने में मदद के लिए कैलामिन लोशन या लिडोकैन का प्रयोग करें।

अगर दर्द प्रबंधकीय नहीं है और ३० मिनट से अधिक जारी रहता है, तो इलाज के लिए पास के अस्पताल से परामर्श लें।

## How to treat a Jellyfish sting – First Aid

Carefully scrape the stinging cells out of your skin using the plastic card given.

If tentacles of jellyfish stuck on your skin, use forceps to remove them.

Rinse with vinegar on the affected site for 30 seconds.

Apply Calamine lotion or Lidocaine to help relieve itching and discomfort.

If pain not manageable and continues more than 30 minutes, or you start to have difficulty in breathing consult nearby hospital for treatment.





തയ്യാറാക്കിയത്:
മിറിയം പോൾ ശ്രീറാം, വിനോദ് കെ., ശോഭന കെ.എസ്., മോളി വർഗീസ്, ജാസ്മിൻ എസ്., ശ്രീനാഥ് കെ. ആർ., അജു കെ. ആർ., ശ്രീകുമാർ കെ.എം., ജോസ് കിങ്സ്ലി, അൻസാർ പി., തോബിയാസ് പി. ആന്റണി, സേതുലക്ഷ്മി എം., ആർ. ശരവണൻ, കെ.കെ. ജോഷി

രൂപകല്പന:
അഭിലാഷ് പി. ആർ.


CMFRI Pamphlet No.91/2020

CMFRI Pamphlet No.91/2020

# ജെല്ലി സേഫ് കിറ്റ്: കടൽച്ചൊറി ദംശനത്തിന് പ്രഥമ ശുശ്രൂഷ





**ഭാരതീയ കാർഷിക ഗവേഷണ സമിതി**
**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം**
പോസ്റ്റ് ബോക്സ് നം. 1603,
എറണാകുളം നോർത്ത് പി.ഒ., കൊച്ചി



**ചൊമലത്തീച്ചൊറി**
*(Chrysaora sp.)*

ചൊമലത്തീച്ചൊറി എന്നറിയപ്പെടുന്ന ഇവയ്ക്ക് മഞ്ഞ കലർന്ന ശരീരവും കുത്തുന്ന കോശങ്ങളോട് കൂടിയ നീണ്ട സ്പർശനികളുമാണുള്ളത്. കഠിനമായ നീറ്റലും കടച്ചിലും ഉണ്ടാക്കുന്ന ഇനമാണിവ. വർഷം മുഴുവൻ കേരളതീരത്ത് 20 മുതൽ 50 മീറ്റർ വരെ ആഴമുള്ള പ്രദേശങ്ങളിലും ഉപരിതലത്തിലും ഇവയുടെ കൂട്ടം ഉണ്ടാകാറുണ്ട്.

**വെള്ളത്തീച്ചൊറി**
*(Lychnorhiza malayensis)*



വെള്ളത്തീച്ചൊറി എന്നറിയപ്പെടുന്ന ഇവയ്ക്ക് ഇരുണ്ട അരികും സുതാര്യമായ ശരീരവുമാണുള്ളത്. ഇവയുടെ സ്പർശനം കഠിനമായ വേദനയും ചൊറിച്ചിലുമുണ്ടാക്കും. ജൂലൈ മുതൽ സെപ്തംബർ വരെ കേരളതീരത്തുടനീളം കൂട്ടമായി ഇവയെ കാണാം.



**ഇളുമ്പുച്ചൊറി /ആനച്ചൊറി**
*(Cyanea sp.)*

ശാസ്ത്രീയമായി ഈ വർഗ്ഗത്തിൽ പല ഇനങ്ങളുണ്ട്. ഇതിൽ ഏറ്റവും വലിപ്പമുള്ളവയാണ് ആനച്ചൊറി. അല്പം നീലകലർന്ന സുതാര്യമായ ശരീരവും 30 സെന്റീമീറ്റർ വരെ വ്യാസവുമുള്ളവയെ ആണ് ഇളുമ്പുച്ചൊറി അല്ലെങ്കിൽ തണ്ണിച്ചൊറി എന്ന് വിളിക്കുന്നത്. അപകടകാരികളായ ഇവ ശൈത്യകാലത്ത് നമ്മുടെ തീരങ്ങളിൽ 15 മുതൽ 30 മീറ്റർ വരെ ആഴമുള്ള ഇടങ്ങളിൽ ഉപരിതലത്തിൽ ധാരാളമായി കാണാം. ഇവയുടെ കുറിയ സ്പർശനികൾ തീവ്രമല്ലാത്ത വേദനക്ക് കാരണമാകും.



**നീലച്ചൊറി**
*(Netrostoma sp.)*

ഇടവപ്പാതി മഴക്ക് ശേഷം 20 മുതൽ 50 മീറ്റർ വരെ ആഴമുള്ള പ്രദേശങ്ങളിൽ കേരളതീരത്തുടനീളം ഏറ്റവും കൂടുതലായി കാണപ്പെടുന്ന ഇവ നീലച്ചൊറി എന്നറിയപ്പെടുന്നു. നീണ്ട സ്പർശനികളുള്ള, അപകടകാരികളായ ഇവയുടെ ശരീരത്തിനുമേൽ തഴമ്പുപോലെയുള്ള മുഴകൾ കാണാം.



**ചക്കരച്ചൊറി**
*(Crambionella sp.)*

ഇരുണ്ട തവിട്ട് നിറവും കുറിയ സ്പർശനികളും ഉള്ള ഇവ അപടകാരികൾ അല്ല. വാണിജ്യപ്രാധാന്യമുള്ള ഇവയെ കയറ്റുമതി ചെയ്യുന്നുണ്ട്. കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ സാധാരണമായി ഇവയുടെ വലിയ കൂട്ടങ്ങൾ കാണാറുണ്ട്.

**മുട്ടച്ചൊറി**
*(Rhopilema sp.)*

വലിയ ശരീരവും നീണ്ട സ്പർശനികളോടും കൂടിയ ഇവയെ തെക്കൻ തീരങ്ങളിൽ കൂടുതലായി കാണാം. അപകടകാരിയായ ഇനമാണിവ.





**പെട്ടിച്ചൊറി**
*(Chiropsoides buitendijki)*

അതിയായ ചൊറിച്ചിലുണ്ടാക്കുന്ന ഈ ഇനത്തെ പെട്ടിച്ചൊറി എന്ന് വിളിക്കുന്നു. ചതുരാകൃതിയിലുള്ള ഇവയുടെ ശരീരത്തിന്റെ നാല് കോണിൽ നിന്നും വളരെ നീണ്ട സ്പർശനികൾ പുറപ്പെടുന്നു. ഇവയുടെ സമ്പർക്കം അപകടകരം ആയതിനാൽ അത്തരം സന്ദർഭങ്ങളിൽ കഴിവതും വേഗം ആശുപത്രിയിൽ ചികിത്സ തേടേണ്ടതാണ്.



**വെള്ളച്ചൊറി**
*(Acromitus sp.)*

നമ്മുടെ ഉൾനാടൻ ജലാശയങ്ങളിൽ ലവണത്വം കൂടുന്ന കാലങ്ങളിൽ, വെള്ളച്ചൊറി എന്നറിയപ്പെടുന്ന ഇവയുടെ എണ്ണം പെരുകാറുണ്ട്. അപകടകാരികളല്ലാത്ത ഇവയുടെ രണ്ടിനങ്ങളെ കേരള തീരത്ത് കാണാം.